ശ്രീ. എ. കെ. പാച്ചുപിള്ള: ഈ അടുത്ത കാലത്തു എത്ര ബസ്സുകളാണ് കൂടുതലായി സർവ്വീസു നടത്താൻ ഉദ്ദേശിക്കുന്നത്?

ശ്രീ. സി. കേശവൻ: 20 ബസ്സുകൾ.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ചേർത്തലക്കും അരൂരിനും ഇടയ്ക്കു പ്രൈവറ്റ സർവീസുകൾ നടത്തുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

Sri. N. D. Jose: Why is it that the Government have not found it possible even now to successfully tackle the problem of over loading in the ordinary transport buses in the State?

Sri. C. Kesavan: That has been answered once. It is due to the dearth of buses. Old buses become useless and Government have not been able to put sufficient number of new buses on the lines so as to replace old buses and to provide for the increasing congestion. It will take some time to increase the transport lines. Additional number of buses are to be put in only after necessary investigation. Government are trying their level best to overcome these difficulties.

Shaib Bahadur A. Abdul Razaak: Is the hon. Chief Minister right in giving such an answer so as to disown the responsibility?

Mr. Speaker: Order, order; that question is disallowed.

ഭവനനിർമ്മാണം

*20. (20) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭവനനിർമ്മാണപദ്ധതിയുടെ ചാർജ്ജു വഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമോ.—

(എ) ചേർത്തല തെക്കു പകുതിയിൽ തൊഴിലാളികളുടെ താമസസൌകര്യത്തിനുവേണ്ടി എത്രാനും വീടുകൾ പണിയിക്കുന്നതാണെന്നു ഗവൺമെൻറിൽ നിന്നും പറഞ്ഞിട്ടുണ്ടെങ്കിലും ഇതേവരെ നിർമ്മാണ പദ്ധതികൾ ആരംഭിക്കാതിരുന്നതു് എന്തുകൊണ്ടാണു്;

(ബി) ഭവനനിർമ്മാണത്തിനു കൊള്ളത്തക്കതായി തെക്കു പകുതിയിൽ എവിടെയെങ്കിലും വല്ല സ്ഥലനിർണ്ണയവും ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) 250 വീടുകൾ പണിയുന്നതിനു് അനുവാദം നൽകിയിട്ടുണ്ടു്. പ്രസ്തുത ജോലി ഏറ്റെടുത്തു നടത്താമെന്നു സമ്മതിച്ചിരുന്ന ചേർത്തല തെക്കു മുറി 2000 ൽ ൽ–ാം നമ്പർ സഹകരണ സംഘം, എസ്റ്റിമേറിലെ നിരക്കു കമ്പോള നിരക്കിനെക്കാൾ കുറവാണെന്നുള്ള കാരണത്താൽ ആവരെ അതിൽ നിന്നും ഒഴിവാക്കണമെന്നു ആവശ്യപ്പെട്ടിരിക്കുകയാണു്. പ്രസ്തുത ജോലി പി. ഡബ്ളിയു. ഡി മുഖാന്തിരം ചെയ്യിക്കാൻ വേണ്ട നടപടികൾ എടുത്തു വരികയാണു്.

(ബി) ഉണ്ടു്. ചേർത്തല തെക്കു പകുതിയിൽ സർവ്വെ നം. 00/20 സി ൽ ഏക്കർ നം 20 സെൻറും, 20 നു 0/8 എയും, സി യും ൽ ഏക്കർ 8 സെൻറും 20 നു 0/20 ൽ ഏക്കർ 2 നു സെൻറും ഭൂമികൾ ഭവന നിർമ്മാണത്തിനുവേണ്ടി നീക്കിവച്ചിട്ടുണ്ടു്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: എന്നാണു ഈ ഉത്തരവു പാസായിട്ടുള്ളതെന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: ഇപ്പോൾ നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: പ്രൈവറ്റ് എജൻസിക്ക് വീടുപണിയുന്നതിനു വേണ്ടി കൺട്രാക്ട് കൊടുക്കാൻ പാടില്ലേ?

ശ്രീ. എൽ. എം. പൈലി: ആ കാര്യത്തെപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇന്നു താലൂക്കിൽ ഇത്ര ഭവനം വീതം നിർമ്മിക്കണമെന്നുള്ളതിലേക്കു വല്ല സ്കീമും ഗവൺമെന്റിലേക്ക് ഉണ്ടോ?

ശ്രീ. എൽ. എം. പൈലി: അങ്ങനെ ഒരു സ്കീമും ഗവൺമെന്റിനു ഇപ്പോൾ ഇല്ല. അപേക്ഷകരും വരുന്നതനുസരിച്ച് അത്യാവശ്യമാണെന്നു തോന്നുന്ന അവസരങ്ങളിൽ ആണ് ഭവന നിർമ്മാണം തുടങ്ങുന്നത്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: വീടുകൾ ആവശ്യമാണോ അല്ലയോ എന്നുള്ള കാര്യം നിശ്ചയിക്കാൻ ആർക്കാണധികാരമുള്ളത്?

ശ്രീ. എൽ. എം. പൈലി: ഇതിലേക്ക് എത്രയും ആഫീസറന്മാരെ നിയമിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ടനുസരിച്ച് ഗവൺമെന്റ് പ്രവർത്തിക്കുകയാണു ചെയ്യുന്നത്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഭവന നിർമ്മാണം ഇനി മേലാൽ ഗവൺമെന്റ് നേരിട്ടു നടത്താനുദ്ദേശിക്കുന്നോ അതോ പ്രൈവറ്റ് എജൻസി മുഖാന്തിരം നടത്താനുദ്ദേശിക്കുന്നോ?

ശ്രീ. എൽ. എം. പൈലി: ഗവൺമെന്റിനു നേരിട്ടു നടത്താനുള്ള നടപടികളാണു എടുത്തുവരുന്നത്. അങ്ങനെയല്ല, പ്രൈവറ്റ് എജൻസികളെക്കൊണ്ടു നടത്തിക്കണമെങ്കിൽ അതിനെപ്പറ്റിയും ആലോചിക്കാം.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഗവൺമെണ്ടിന്റെ എസ്റ്റിമേറ്റ് റേറ്റിൽ കുറവായിട്ടു എതെങ്കിലും പ്രൈവറ്റ് എജൻസി ഭവന നിർമാണത്തിനു തയാറായാൽ, (അതായത് സഹകരണസംഘങ്ങൾ) വർക്ക് വിട്ടുകൊടുക്കുമോ?

ശ്രീ. എൽ. എം. പൈലി: ഏറ്റെടുക്കാമെന്നു സമ്മതിച്ചിരുന്ന ഒരു സഹകരണ സംഘം, അവരെ ഒഴിവാക്കണമെന്നാവശ്യപ്പെട്ടിരിക്കയാണ്.

ശ്രീ. എ. താണുപിള്ള: സഹകരണസംഘം ഇങ്ങോട്ടാവശ്യപ്പെട്ടതോ അതോ ഗവൺമെന്റ് അങ്ങോട്ടാവശ്യപ്പെട്ടതോ?

ശ്രീ. എൽ. എം. പൈലി: അതിനെപ്പറ്റി ഇപ്പോൾ നിശ്ചയമായി ഒന്നും പറയാൻ നിവൃത്തിയില്ല.

പുളിംകുന്നു എം. പി. സ്കൂൾ

*ശ്രീ. (ശ്രീ) ശ്രീ. ജോസഫ് മാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പുളിംകുന്നിൽ (കുട്ടനാട്ട്, അമ്പലപ്പുഴ) ബോട്ടുജട്ടിക്കു സമീപം സ്ഥിതിചെയ്യുന്ന എം. പി. സ്കൂൾ അവിടെനിന്നും മാറ്റി സ്ഥാപിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ ഉപയോഗത്തിലേയ്ക്കായി ഒരു സ്ഥലം പുളിംകുന്നു പള്ളിയിൽ നിന്നും തന്നുകൊള്ളാമെന്നു ഉറപ്പു പറഞ്ഞിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു കാരണവശാലാണ് ഈ സ്കൂൾ മാറ്റി സ്ഥാപിക്കുവാൻ ഇത്ര കാലതാമസം നേരിട്ടതു?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly